**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 840** **10-06-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ തീരദേശ ഹൈവേയുടെ അലൈൻമെന്റ് ഏതു പ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ അലൈൻമെന്റ് ചുവടെ ചേർക്കുന്നു. രണ്ട് തെങ്ങ് പാലം - വലിയപറമ്പ - അഴീത്തലപാലം - നീലേശ്വരം - അഴിത്തല - കാഞ്ഞങ്ങാട് കടപ്പുറം - നോർത്ത് കോട്ടച്ചേരി - പാലക്കുന്ന് - ഉദുമ പഞ്ചായത്ത് ഓഫീസ് - ഉദുമ കടപ്പുറം - നൂമ്പിൽ (ഉദുമ) പാലം - ചെമ്പരിക്ക ബീച്ച് - കീഴൂർ ബീച്ച് - കാസർഗോഡ് തുറമുഖം - കാസർഗോഡ് ലൈറ്റ് ഹൗസ് - സി.പി.സി.ആർ.ഐ. - പന്നിക്കുന്ന് - ആരിക്കാടി - ഷിറിയ പാലം - ഉപ്പള - ഉപ്പള ഗേറ്റ് - ഹൊസബട്ട് പാലം - കണ്വതീർത്ഥ ബീച്ച് - തുമിനാട് - ദേശീയപാത കുഞ്ചത്തൂർ ഇതിൽ വലിയപറമ്പ പാലം റോഡ് ജംഗ്ഷൻ മുതൽ അഴിത്തല വരെ 17 കി.മീ. നീളത്തിൽ ജനവാസ കേന്ദ്രത്തിൽ നിന്നും മാറി കടലിനോട് ചേർന്ന് പോകുന്ന ഒരു ഗ്രീൻ ഫീൽഡ് അലൈൻമെന്റും പരിഗണനയിലുണ്ട്. |
| (ബി) | ഏതെല്ലാം സ്ഥലങ്ങളിൽ പാലം വേണ്ടിവരുമെന്നും ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; | (ബി) | തീരദേശ ഹൈവേയിൽ ചുവടെ ചേർക്കുന്ന പാലങ്ങൾ ഉൾപ്പെട്ടു വരുന്നു. 1. രണ്ട് തെങ്ങ് പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. 2. അഴിത്തല പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. 3. ഉദുമ (നൂമ്പിൽ പാലം) - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. 4. കാസർഗോഡ് പാലം - ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി അവസാനഘട്ടത്തിലാണ്. 5. ഷിറിയ പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. 6. ഹൊസബട്ട പാലം - പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടത്തി വരുന്നു. |
| (സി) | എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നും ഇതിന്റെ നടപടികൾ ഏതുവരെയായിയെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | തീരദേശ ഹൈവേയുടെ ചില സ്ഥലങ്ങളിൽ അലൈൻമെന്റ് അന്തിമമായി അംഗീകരിക്കാത്തതിനാൽ സ്ഥലമെടുപ്പ് സംബന്ധിച്ച് കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ